# Athmaraksha.org

രക്ഷയുടെ വഴികൾ

## വിവാഹജീവിതവും കൂടുതൽ മക്കളും




സൃഷ്ടിയുടെ ആരംഭം മുതലേ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ, പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ടുകയും അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും. പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. അതിനാൽ, ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ (മർക്കോസ് 10:6-9).

ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ (ഉൽപത്തി 1:28). നോഹയെയും പുത്രൻമാരെയും അനുഗ്രഹിച്ചുകൊണ്ടു ദൈവം പറഞ്ഞു: സന്താനപുഷ്ടിയുണ്ടായി, പെരുകി, ഭൂമിയിൽ നിറയുവിൻ (ഉൽപത്തി 9:1).

നിന്റെ യൗവനത്തിലെ ഭാര്യ, അനുഗ്രഹീതയായിരിക്കട്ടെ; അവളിൽ ആനന്ദംകൊള്ളുക. അവൾ ചന്തമുള്ളൊരു മാൻപേട,സുന്ദരിയായ മാൻപേടതന്നെ; അവളുടെ സ്നേഹം നിന്നെ സദാസന്തോഷംകൊണ്ടു നിറയ്ക്കട്ടെ. അവളുടെ പ്രേമം നിന്നെ എപ്പോഴുംലഹരി പിടിപ്പിക്കട്ടെ (സുഭാഷിതങ്ങൾ 5:18-19).

ഉത്തമയായ ഭാര്യയെ കണ്ടെത്തുന്നവൻ ഭാഗ്യവാൻ; അതു കർത്താവിന്റെ അനുഗ്രഹമാണ് (സുഭാഷിതങ്ങൾ 18:22). വീടും സമ്പത്തും പിതാക്കൻമാരിൽ നിന്ന് അവകാശമായി കിട്ടുന്നു; വിവേകവതിയായ ഭാര്യയാവട്ടെ കർത്താവിന്റെ ദാനമാണ് (സുഭാ 19:14).

രണ്ടുപേർ ഒരാളെക്കാൾ മെച്ചമാണ്. കാരണം അവർക്ക് ഒരുമിച്ച് കൂടുതൽ ഫലപ്രദമായി അധ്വാനിക്കാൻ കഴിയും. അവരിൽ ഒരുവൻ വീണാൽ അപരനു താങ്ങാൻ കഴിയും. ഒറ്റയ്ക്കായിരിക്കുന്നവൻ വീണാൽ താങ്ങാനാരുമില്ല. അവന്റെ കാര്യം കഷ്ടമാണ് (സഭാപ്രസംഗകൻ 4:9-10)

മനുഷ്യനിൽനിന്ന് എടുത്ത വാരിയെല്ലുകൊണ്ട് അവിടുന്ന് ഒരു സ്ത്രീക്കു രൂപംകൊടുത്തു. അവളെ അവന്റെ മുമ്പിൽകൊണ്ടുവന്നു. അപ്പോൾ അവൻ പറഞ്ഞു: ഒടുവിൽ ഇതാ എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും. നരനിൽനിന്ന് എടുക്കപ്പെട്ടതുകൊണ്ട് നാരിയെന്ന് ഇവൾ വിളിക്കപ്പെടും. അതിനാൽ, പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ

ശരീരമായിത്തീരും (ഉൽപത്തി 2:22-24).

പുതുതായി വിവാഹം ചെയ്ത പുരുഷനെ സൈനികസേവനത്തിനോ മറ്റെന്തെങ്കിലും പൊതുപ്രവർത്തനത്തിനോ നിയോഗിക്കരുത്. അവൻ ഒരു വർഷം വീട്ടിൽ ഭാര്യയോടൊന്നിച്ച് സന്തോഷപൂർവം വസിക്കട്ടെ (നിയമാവർത്തനം 24:5).

കർത്താവേ, ഞാൻ ഇവളെ സ്വീകരിക്കുന്നത് ജഡികമായ അഭിലാഷത്താലല്ല, നിഷ്കളങ്കമായ പ്രേമത്താലാണ്. അങ്ങയുടെ കാരുണ്യം എനിക്ക് ഉണ്ടാകണമേ! ഇവളോടൊത്തു വാർധക്യത്തിലെത്തുന്നതിന് അവിടുന്ന് അനുഗ്രഹിച്ചാലും! അവൾ ആമേൻ എന്ന് ഏറ്റുപറഞ്ഞു (തോബിത് 8:7-8)